## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.530

30.06.2016-ൽ
മറുപടിയ്ക്ക്

## കുഞ്ചൻ സ്മാരകത്തിന്റെ നവീകരണം

**ചോദ്യം**

ശ്രീ.പി.ഉണ്ണി

**ഉത്തരം**

എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സാംസ്കാരിക സ്ഥാപനമായ കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) പാലക്കാട് ലെക്കിടി കുഞ്ചൻ സ്മാരകം ഭരണ സമിതിയിൽ നിന്നും സ്മാരകം നവീകരണത്തിന് ധനസഹായം അഭ്യർത്ഥിച്ച് സർക്കാരിൽ പ്രപ്പോസൽ ലഭ്യമായിട്ടില്ല. കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിന് വിശദമായ പ്രപ്പോസൽ ലഭ്യമാക്കുക യാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കുഞ്ചൻ സ്മാരകത്തിൽ ക്ലാസ് മുറികളുടെ നിർമ്മാണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 24.95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ലെക്കിടി കുഞ്ചൻ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്കായി 1.7.2006 മുതൽ 31.3.2011 വരെ എത്ര തുക അനുവദിച്ചു എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്നും വ്യക്തമാക്കാമോ; | (ബി) പാലക്കാട് കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 1.7.2006 മുതൽ 31.3.2011 വരെ 39.25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണവും, വികസനവും കണക്കിലെടുത്ത് തുള്ളൽ കലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായുള്ള ധാരണയനുസരിച്ച് 2008-ൽ കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളലിന്റെ അനുബന്ധ വിഷയങ്ങളായ മൃദംഗം, കർണ്ണാടക സംഗീതം, മോഹിനിയാട്ടം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട്-ടൈം കോഴ്സുകൾ ആരംഭിച്ച് കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകി വരുന്നു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും |

| | | |
|---|---|---|
| | | തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന 'ത്രിദളം' ഡി..വി.ഡി തയ്യാറാക്കി. കുഞ്ചൻ സ്മാരകത്തിൽ നാട്യശാല നിർമ്മിക്കുകയും സ്മാരകത്തിന്റെ വെബ്സൈറ്റ് തയ്യാറാക്കുകയും കുഞ്ചൻ അവാർഡ് ജേതാക്കളുടെ ജീവചരിത്രം അടങ്ങിയ നടനകൈരളി പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (സി) | 1.7.2011 മുതൽ 31.3.2016 വരെ എത്ര തുക അനുവദിച്ചു എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്നും വ്യക്തമാക്കാമോ? | (സി) പാലക്കാട് കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 1.7.2011 മുതൽ 31.3.2016 വരെ ശമ്പള ചെലവുൾപ്പെടെ 71.56 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി അനുവദിച്ച തുകയിൽ നിന്നും മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. കുഞ്ചൻ അവാർഡ് തുക 5000/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിച്ചു കൂടാതെ സ്മാരകം ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളം, കുഞ്ചൻ ദിനം, തുള്ളൽ സ്കോളർഷിപ്പ്, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ